**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5244** — 31.10.2016 ൽ മറുപടിക്ക്

## ***കുട്ടികൾക്ക് ആധാർ കാർഡു നൽകുന്ന പദ്ധതി***

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കുട്ടികൾക്ക് ആധാർ കാർഡു നൽകുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. ഇന്ത്യക്കാരുടെ സവിശേഷ തിരിച്ചറിയൽ അതോറിറ്റി കുട്ടികളുടെ എൻറോൾമെൻറ് പ്രക്രിയ അടുത്ത കാലത്തു മാത്രമാണ് ആരംഭിച്ചത്. നാളിതുവരെ 73% കുട്ടികൾക്ക് ആധാർ എൻറോൾമെൻറ് നടത്തിയിട്ടുണ്ട്. ആധാർ ലഭിക്കാത്ത എല്ലാ കുട്ടികളും ആധാർ ക്യാംപുകളിൽ എൻറോൾമെന്റിന് എത്താത്തത് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ തടസ്സമായി നിൽക്കുന്നുണ്ട്. ആധാർ എൻറോൾമെൻറ് ഒരു തുടർ പ്രക്രിയ ആണ്. |
| (ബി) പദ്ധതി നടത്തിപ്പിനാവശ്യമായ ആധാർ എൻറോൾമെന്റ് ക്യാംപുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. വിവിധ തലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

Manoharan
സെക്ഷൻ ഓഫീസർ